കണ്ടശ്ശാംകടവ് ലൈൻ 110 കെ.വി. ആക്കാൻ വേണ്ട പോളിമർ ഇൻസുലേറ്റർ ലൈറ്റനിംഗ് അറസ്റ്റർ എന്നിവയ്ക്കും കനേഡിയൻ സഹായം ലഭ്യമാക്കിയിട്ടുണ്ട്.

പ്രസ്തുത പദ്ധതികൾക്ക് സാധന സാമഗ്രികൾ കാനഡയിൽ നിന്ന് ഗ്രാന്റായി നൽകിയിരിക്കുകയാണ്. പ്രസ്തുത സഹായം ഉദ്ദേശം 1,03,68, 151.04 കനേഡിയൻ ഡോളറാണ്.

ലോഡ് ഷെഡിംഗ് പിൻവലിക്കുന്നതിനുള്ള തടസ്സം

55 (891) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു ലോഡ്ഷെഡിംഗ് പൂർണ്ണമായി പിൻവലിക്കാൻ ഉദ്ദേശിക്കുന്ന തീയതി ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പരീക്ഷയോടനുബന്ധിച്ച് ഒരു മാസം ലോഡ് ഷെഡിംഗ് പിൻവലിക്കാറുണ്ടോ ;

(സി) എങ്കിൽ അതേ ക്രമീകരണത്തിന്റെ രീതിയിൽ തുടർന്നും ലോഡ് ഷെഡിംഗ് പിൻവലിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി) ഉണ്ട്.

(സി) ലോഡ് ഷെഡിംഗ് പിൻവലിക്കുന്ന സമയം ട്രാൻസ്ഫോമറുകളിലും ഫീഡറുകളിലും ലോഡു കൂടുകയും തൽഫലമായി വോൾട്ടേജ് വളരെ കുറയുകയും ചെയ്യുന്നു. ആയതിനാൽ മോട്ടോറുകൾ, മറ്റു ഗൃഹോപകരണങ്ങൾ മുതലായവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കാതെ വരുന്നു. പ്രസരണ-വിതരണ ശൃംഖലകളുടെ ശേഷിക്കുറവുമൂലമാണിത്. ഇപ്പോൾ നടന്നുവരുന്ന പ്രസരണ-വിതരണ ശൃംഖലയുടെ ശക്തിപ്പെടുത്തൽ ജോലികൾ പൂർത്തിയാക്കുന്നതോടെ ലോഡ്ഷെഡിംഗ് പൂർണ്ണമായി പിൻവലിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഉൽപ്പാദിപ്പിച്ച വൈദ്യുതി

56 (893) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഓരോ വർഷവും ഓരോ വൈദ്യുത പദ്ധതികളിലൂടെയും ഉൽപ്പാദിപ്പിച്ച വൈദ്യുതി എത്രയാണെന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വൈദ്യുതി ഏതെല്ലാം ആവശ്യങ്ങൾക്കായി എത്ര വീതം വിതരണം ചെയ്തിട്ടുണ്ടെന്നുള്ളതിന്റെ വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് ആകെ എത്ര വൈദ്യുത മീറ്ററുകൾ നിലവിലുണ്ട് എന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത മീറ്ററുകളിൽ പ്രവർത്തിക്കാത്ത മീറ്ററുകൾ എത്രയെന്നു കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) കേരളത്തിലെ പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയും കേന്ദ്രപൂളിൽനിന്നും ലഭിക്കുന്ന വൈദ്യുതി, കിഴക്കൻ മേഖലയിൽ നിന്നും തമിഴ്നാട്ടിൽ നിന്നും വാങ്ങിയ വൈദ്യുതിയും ഒന്നിച്ചു ചേർത്താണ് സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നത് എന്നതിനാൽ കേരളത്തിലെ ഒരു പദ്ധതിയിൽ നിന്നും മാത്രമായിട്ട് ഏതൊക്കെ വിഭാഗക്കാർക്ക് എത്ര വീതം വിതരണം ചെയ്തു എന്ന് തിട്ടപ്പെടുത്തുക പ്രയാസമാണ്.

(സി&ഡി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാനുള്ള ശുപാർശ

57 (894) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാൻ കെ.എസ്.ഇ.ബി. ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എന്ന് മുതൽ ചാർജ്ജ് വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) പ്രസക്തമല്ല

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly